"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിന് ജല വിഭവ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ വസ്തുവിൽ ത്രിതല പഞ്ചായത്ത് വിഹിതം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം, ഐ.സി.ഡി.എസ് വിഹിതം എന്നിവ ഉൾപ്പെടെ വിനിയോഗിച്ച് അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2020/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. 20/01/2017 തീയതിയിലെ സ.ഉ(സാധാ) നം.166/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 29/03/2023 തീയതിയിലെ സ.ഉ(സാധാ) നം.330/2023/WRD നമ്പർ സർക്കാർ ഉത്തരവ്.
3. കരവാളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/5/2024 തീയതിയിലെ 8/1 നമ്പർ തീരുമാനം .
4. കരവാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/08/2024 തീയതിയിലെ SC2/3904/2024-25 നമ്പർ കത്ത്.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/06/2024 & 20/9/2024 എന്നീ തീയതികളിലെ LSGD/PD/2918/2024/REV6 നമ്പർ കത്തുകൾ

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമ പഞ്ചായത്തിലെ 143/3/3, 143/4ബി, 143/4എ2ബി2 എന്നീ സർവേ നമ്പറുകളിൽപ്പെട്ട തരിശായി കിടക്കുന്ന കെ.ഐ.പി വക സ്ഥലത്തുനിന്നും 4.10 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലവിഭവവകപ്പിൽ നിലനിർത്തിക്കൊണ്ട് അംഗനവാടി കെട്ടിട നിർമ്മാണത്തിനായി കരവാളൂർ ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിക്കൊണ്ട് **പരാമർശം (2)** പ്രകാരം ഉത്തരവായിരുന്നു.

2. കെ.ഐ.പി.(ആർ.ബി) സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരവാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ വച്ച് വസ്തു ഏറ്റെടുത്തിട്ടുള്ളതുമാണെന്നും ടി വസ്തുവിൽ കരവാളൂർ ഗ്രാമപഞ്ചായത്ത് കായംകുന്ന് അങ്കണവാടിക്കായി ഗ്രാമപഞ്ചായത്ത് ഫണ്ട്, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം ഐ.സി.ഡി.എസ് വിഹിതം എന്നിവ ഉൾപ്പെടെ വിനിയോഗിച്ച് കെട്ടിടം

നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കരവാളൂർ പഞ്ചായത്ത് പ്രസിഡന്റ് ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

3. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) ലെ റിപ്പോർട്ട് പ്രകാരം 2023-24 വർഷം കരവാളൂർ ഗ്രാമ പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് വിഹിതം 8 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ, ബോക്ക് പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ, ഐ.സി.ഡി.എസ് വിഹിതം 2 ലക്ഷം രൂപ എന്നിങ്ങനെ **25,00,000/-രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ** ) വകയിരുത്തി കായംകുന്ന് അംഗൻവാടി കെട്ടിടനിർമ്മാണം എന്ന പദ്ധതിയും ഏറ്റെടുത്തിട്ടുള്ളതാണെന്നും, പരാമർശം(1) പ്രകാരം ഭാവിയിലും പ്രസ്തുത വസ്തുവിന്റെ ഉപയോഗാനുമതി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്നത് പരിഗണിച്ചും, പ്രസ്തുത ഭൂമി നിയമാനുസൃതം കരവാളൂർ ഗ്രാമപഞ്ചായത്തിൻന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് കരവാളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം(5) പ്രകാരം റിപ്പോർ ട്ട് ചെയ്തിട്ടുള്ളതുണ്ടെന്നും അതിനാൽ കരവാളൂർ ഗ്രാമപഞ്ചായത്തിന് ജലവിഭവ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ വസ്തുവില ത്രിതലപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമ പഞ്ചായത്തിലെ 143/3/3, 143/4/ബി, 143/4എ2/ബി2 എന്നീ സർവേ നമ്പറുകളിൽപ്പെട്ട തരിശായി കിടക്കുന്ന കെ.ഐ.പി വക സ്ഥലത്തുനിന്നും 4.10 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലവിഭവവകപ്പിൽ നിലനിർത്തിക്കൊണ്ട് കായംകുന്ന് അംഗനവാടി കെട്ടിട നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് പരാമർശം (2) പ്രകാരം കരവാളൂർ ഗ്രാമപഞ്ചായത്തിന് വിട്ടുനൽ കിയതിനാലും, കെ.ഐ.പി.(ആർ.ബി) സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരവാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ വച്ച് വസ്തു ഏറ്റെടുത്തിട്ടുള്ളതിനാലും , പരാമർശം (1) പ്രകാരം ഭാവിയിലും ടി വസ്തുവിന്റെ ഉപയോഗാനുമതി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്നത് പരിഗണിച്ചും, ടി ഭൂമി നിയമാനുസൃതം കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് കരവാളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിന് ജലവിഭവ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 4.10 സെന്റ് വസ്തുവിൽ കായംകുന്ന് അംഗനവാടിക്കായി മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് വിഹിതം 8 ലക്ഷം രൂപ , ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ , ബോക്ക് പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ , ഗ്രാമപഞ്ചായത്ത് വിഹിതം 5ലക്ഷം രൂപ , ഐ.സി.ഡി.എസ് വിഹിതം 2 ലക്ഷം രൂപ എന്ന രീതിയിൽ **25,00,000/-രൂപ ( ഇരുപത്തിയഞ്ച് ലക്ഷം രൂപ)** വകയിരുത്തി കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കരവാളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം
ജലവിഭവ(ഐ.ആർ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ(DB3/382/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 24-10-2024 11:06:30